1986—മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ

162 [176] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മാർച്ചിൽ എത്ര പേരാണ് എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്നത്;

(ബി) ഇതിൽ എത്ര പേർ പാസ്സായി. എത്രപേർക്കു ഫസ്റ്റ് ക്ലാസ്സ് ലഭിച്ചു;

(സി) ആരും പാസ്സാകാത്ത എത്ര സ്കൂൾ സംസ്ഥാനത്തുണ്ട്. അവ ഏതെല്ലാമാണ്;

(ഡി) ഈ സ്കൂളിൽ ആരും പാസാകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) മുൻവർഷങ്ങളെ അപേക്ഷിച്ചു ഈ പ്രാവശ്യം റിസൽട്ടു വർദ്ധിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) 497,864 പേർ.

(ബി) 232,693 പേർ പാസ്സായി. 40,486 പേർക്കു ഫസ്റ്റ് ക്ലാസ്സ് ലഭിച്ചു.

(സി) 1. ഗവൺമെന്റ് ഹൈസ്കൂൾ ഗൂഡർലി (കട്ടപ്പന വിദ്യാഭ്യാസജില്ല.)

2. ജി.കെ.എം.വി. ഹൈസ്കൂൾ, കണ്ടിയൂർ (മാവേലിക്കര വിദ്യാഭ്യാസ ജില്ല)

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) 1985–86 അദ്ധ്യയനവർഷം പൊതുവേ ശാന്തമായിരുന്നു. പഠിക്കുവാനും പഠിപ്പിക്കുവാനും കൂടുതൽ സാഹചര്യമുണ്ടായിരുന്നു.

1986 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയമടഞ്ഞവർ

163 [177] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ പ്രാവശ്യം എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെട്ടവർക്കു ഈ സിലബസ് അനുസരിച്ചു പരീക്ഷയ്ക്കു എഴുതുവാൻ എത്ര ചാൻസ് നൽകുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

ഈ പ്രാവശ്യം എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ടവർക്കു നിലവിലുള്ള സ്കീമിലും സിലബസിലും തന്നെ വരുന്ന സെപ്റ്റംബറിലും 1987 മാർച്ചുമാസത്തിലും പരീക്ഷ എഴുതാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly